# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 2880 — 19.06.14 ൽ - മറുപടിക്ക്

## കിഡ്നി,ക്യാൻസർ രോഗികൾക്ക് ബി.പി.എൽ കാർഡ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.പി. വിൻസെന്റ് | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ക്യാൻസർ, കിഡ്നി രോഗികൾക്ക് ബി.പി.എൽ കാർഡ് അനുവദിക്കുന്നതിനുള്ള ജില്ലാ കളക്ടറുടെ ഉത്തരവുകൾ സപ്ലൈ ഓഫീസ് അധികാരികൾ നടപ്പിലാക്കാത്ത എത്ര കേസ്സുകൾ നിലവിലുണ്ട്; | (എ) | ക്യാൻസർ, കിഡ്നി രോഗികൾക്ക് ബി.പി.എൽ കാർഡ് അനുവദിക്കുന്നതിനുള്ള ജില്ലാ കളക്ടറുടെ ഉത്തരവുകൾ ലഭിച്ചാലുടൻ തന്നെ കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റുന്നു. |
| (ബി) അടിയന്തിര ഘട്ടത്തിൽ സർജറി ആവശ്യമുള്ള രോഗികൾക്ക് ബി.പി.എൽ കാർഡ് വിതരണം വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുമോ; | (ബി) | അനർഹർ കൈവശം വച്ചിരിക്കുന്ന ബി.പി.എൽ കാർഡുകൾ എ.പി.എൽ-ലേക്ക് മാറ്റുന്നതിനനുസരിച്ച് വരുന്ന ഒഴിവുകളിലാണ് പുതിയതായി ബി.പി.എൽ കാർഡുകൾ നൽകുവാൻ കഴിയുക. പൊതു വിതരണ വകുപ്പ് ബി.പി.എൽ കാർഡുകൾ നൽകുമ്പോൾ ടി കാർഡിന് അർഹതപ്പെട്ട റേഷൻ വിഹിതവും നൽകേണ്ടിവരുന്നു. അധിക വിഹിതം അനുവദിച്ചാൽ മാത്രമേ എല്ലാ ബി.പി.എൽ കാർഡുകാർക്കും റേഷൻ വിഹിതം നൽകുവാൻ കഴിയുകയുള്ളൂ. അനർഹർ ബി.പി.എൽ കാർഡ് കൈവശം വച്ചിരിക്കുന്നത് കണ്ടെത്തുന്നതിനായി ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തുകയും അനർഹരായ ബി.പി.എൽ കാർഡുകൾ കണ്ടെത്തുകയും ചെയ്യുന്ന നടപടികൾ തുടർന്നുവരുന്നു. മേൽ വിവരിച്ചതല്ലാതെ അകാരണമായി ബി.പി.എൽ കാർഡ് നൽകുന്നത് താമസിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) ബി.പി.എൽ. കാർഡ് നൽകുന്നതിന് സമയ പരിധി നിശ്ചയിച്ച് ഉത്തരവ് നൽകുമോ? | (സി) | ബി.പി.എൽ കാർഡുകളുടെ ഒഴിവുണ്ടാകുകയും അന്വേഷണത്തിൽ അർഹരെന്ന് ബോദ്ധ്യപ്പെടുകയും ചെയ്യുന്നവർക്ക് ഉടൻ കാർഡുകൾ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ